# കേരളാ സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് ആന്റ് ഗൈഡ്സ്
## സംസ്ഥാന കാര്യാലയം, തിരുവനന്തപുരം - 33

നമ്പർ:- *G-2519/2021/KSBSG* തീയതി:*07.10.2022*

സ്വീകർത്താവ്,

**ജില്ലാ സെക്രട്ടറിമാർ/ഡി.ഒ.സി. മാർ**

മാന്യരെ,

***വിഷയം: കേരളാ സ്റ്റേറ്റ് ഭാരത് സ്കൗട്സ് ആന്റ് ഗൈഡ്സ് - രാജ്യപുരസ്ക്കാർ ടെസ്റ്റ് (2021 മാർച്ചിൽ ത്രിതീയ സോപാൻ നേടിയ കുട്ടികൾക്കുള്ളത്)***

2021 മാർച്ചിൽ ത്രിതീയ സോപാൻ ബാഡ്ജ് നേടിയ സ്കൗട്ട് ഗൈഡുകൾക്ക് വേണ്ടിയുള്ള രാജ്യപുരസ്ക്കാർ ടെസ്റ്റ് സംസ്ഥാന തലത്തിൽ വിവിധ സെന്ററുകളിൽ രണ്ടു ബാച്ചുകളായി 2022 ഒക്ടോബർ മാസം നടത്തപ്പെടുന്നു. ചുവടെ കൊടുക്കുന്ന നിർദ്ദേശങ്ങൾക്കനുസൃതമായി നടത്തപ്പെടുന്ന ബാഡ്ജ് ടെസ്റ്റിന് എല്ലാവരുടേയും സഹായ സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

***പൊതു നിർദ്ദേശങ്ങൾ***

1. **ടെസ്റ്റ് തീയതി** : ആദ്യ ബാച്ച് **കാസറഗോഡ് മുതൽ ഇരിഞ്ഞാലക്കുട** വരെ - തീയതി - 2022 ഒക്ടോബർ 14, 15, 16

   രണ്ടാമത്തെ ബാച്ച് **ആലുവ മുതൽ നെയ്യാറ്റിൻകര വരെ** - തീയതി - 2022 ഒക്ടോബർ 21, 22, 23

2. **സമയം** : ആദ്യ ദിവസം ഉച്ചക്ക് 02.00 മണി മുതൽ അവസാന ദിവസം രാവിലെ 10.00 മണി വരെ

3. **സ്ഥലം** : ജില്ലകൾ മുൻകൂട്ടി തീരുമാനിച്ചത്

4. **രജിസ്ട്രേഷൻ ഫീ** : ക്യാമ്പ് ഫീ ഒരാൾക്ക് 350/- എന്ന ക്രമത്തിൽ രജിസ്ട്രേഷൻ സമയത്ത് അടക്കേണ്ടതാണ്. സംസ്ഥാന കാര്യാലയത്തിൽ നിന്നും പ്രസിദ്ധീകരിച്ച ലിസ്റ്റ്, ASOC മാർ ഒപ്പിട്ട് നൽകിയ ഹാൾ ടിക്കറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ മാത്രമേ രജിസ്റ്റർ നടത്തുകയുള്ളൂ. എസ്കോർട്ടിംഗ് ടീച്ചേഴ്സ് പ്രത്യേകം രജിസ്ട്രേഷൻ നടത്തേണ്ടതാണ്. (25 കുട്ടികൾക്ക് ഒരു എസ്കോർട്ടിംഗ് എന്ന ക്രമത്തിൽ)

5. **ഭക്ഷണം** : ഭക്ഷണം ജില്ലകൾ തയ്യാറാക്കി നൽകേണ്ടതാണ്. എക്സാമിനേഴ്സിനുള്ള ഭക്ഷണം ആദ്യ ദിവസം തന്നെ നൽകേണ്ടതാണ്. ഭക്ഷണത്തിന്റെ ഗുണമേന്മ ഉറപ്പു വരുത്തേണ്ടതാണ്.

6. **കുട്ടികൾ കരുതേണ്ടവ** : യൂണിഫോം, രാജ്യപുരസ്ക്കാർ ലോഗ്ബുക്കുകൾ, പ്രൊഫിഷ്യൻസി ബാഡ്ജ് ലോഗ്ബുക്കുകൾ, ഫസ്റ്റ് എയ്ഡ്, പയനിയറിംഗ്, മാപ്പിംഗ്, ക്യാമ്പിംഗ് പ്രാക്റ്റിക്കൽസിന് ആവശ്യമായ സാമഗ്രികൾ, A4 ഷീറ്റ് പേപ്പറുകൾ, ക്യാമ്പ് ചെയ്യുന്നതിനാവശ്യമായ സാമഗ്രികൾ എന്നിവ കരുതേണ്ടതാണ്. ടെന്റ്/ഷെൽട്ടർ നിർമ്മിക്കാനാവശ്യമായ സാമഗ്രികൾ.

7. **എക്സാമിനേഴ്സ് & ചീഫ് എക്സാമിനേഴ്സ്** : ഒരു സെന്ററിൽ ഒരു ചീഫ് എക്സാമിനറും, ഡെപ്യൂട്ടി ചീഫ് എക്സാമിനറും, 20 കുട്ടികൾക്ക് ഒരു എക്സാമിനർ എന്ന ക്രമത്തിൽ സ്റ്റേറ്റ്

അസോസിയേഷൻ നിയമിക്കുന്നതായിരിക്കും. കൂടാതെ ഒരു ഒബ്സർവറെ സെന്ററിലേക്ക് നിയമിക്കുന്നതായിരിക്കും.

8. ***TE & DA*** : ചീഫ് എക്സാമിനർ, ഡെപ്യൂട്ടി ചീഫ് എക്സാമിനർ, എക്സാമിനേഴ്സ്, ഒബ്സർവർ എന്നിവർക്കുള്ള യാത്രാ ചെലവ്, പ്രതിഫലം, പാഴ്സൽ ചെലവുകൾ തൽക്കാലം ജില്ല വഹിക്കേണ്ടതും ടെസ്റ്റിന് ശേഷം ആയതിന്റെ ചെലവ് സംസ്ഥാന അസോസിയേഷനിൽ നിന്ന് ക്ലെയിം ചെയ്യേണ്ടതാണ്. ചീഫ് എക്സാമിനറും, ഡെപ്യൂട്ടി ചീഫ് എക്സാമിനറും, 50/- രൂപക്ക് മുകളിലുള്ള യാത്രാ ചെലവുകൾക്ക് നിർബന്ധമായും യാത്രാ ടിക്കറ്റ് ഒട്ടിക്കേണ്ടതാണ്. ടെസ്റ്റ് ദിവസം ചീഫ് എക്സാമിനർക്ക് 500/- രൂപയും, ബാക്കിയുള്ളവർക്ക് 400/- രൂപ വീതവും പ്രതിഫലം നൽകേണ്ടതാണ്. ഒബ്സർവർ TE ബില്ലിൽ യാത്രാചെലവിന് പുറമേ 250/- രൂപ DA ക്ലെയിം ചെയ്യാവുന്നതാണ്.

9. **സ്റ്റേഷനറി** : ടെസ്റ്റിംഗ് സെന്ററിൽ ആവശ്യമായ സ്റ്റേഷനറി ജില്ലകൾ ലഭ്യമാക്കേണ്ടതാണ്.

10. **ജില്ല/സംസ്ഥാന/ നാഷണൽ പാർട്ടിസിപ്പേഷൻ** : ജോട്ടാ/ജോട്ടി, ഗോൾഡൻ ആരോ, ചതുർത്ഥ ചരൺ/ഹിരക് പംഖ്, നേടിയ കുട്ടികൾ പ്രസ്തുത സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

11. **കുടിവെള്ളം** : കുട്ടികൾക്ക് തിളപ്പിച്ചാറ്റിയ വെള്ളം ആവശ്യാനുസരണം ലഭ്യമാക്കേണ്ടതാണ്.

7-ാം തരത്തിൽ പഠിക്കുമ്പോൾ രാജ്യപുരസ്ക്കാർ നേടിയ കുട്ടികൾ രാജ്യപുരസ്ക്കാർ ടെസ്റ്റിൽ റീഅപ്പിയർ ചെയ്യേണ്ടതാണ്. (പ്രത്യേകം ടെസ്റ്റ് ചെയ്യേണ്ടതാണ്).

ടെസ്റ്റ് പൂർത്തിയായ ഉടൻ തന്നെ കൺസോളിഡേറ്റഡ് സ്കോർഷീറ്റ്, കുട്ടികൾ ഒപ്പ് വെച്ച രജസ്ട്രേഷൻ ഫോം, ചീഫ് എക്സാമിനറുടെ റിപ്പോർട്ട് എന്നിവ ഒരു കവറിലും, എഴുത്ത് പരീക്ഷയുടെ ഉത്തരകടലാസുകൾ ഒരു കവറിലും, ബാക്കി വന്ന ചോദ്യകടലാസുകൾ ഒരു പ്രത്യേക കവറിലുമാക്കി സംസ്ഥാന കാര്യാലയത്തിലേക്ക് "സ്റ്റേറ്റ് ഓർഗനൈസിംഗ് കമ്മീഷണർ, കേരളാ സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് ആന്റ് ഗൈഡ്സ്, സംസ്ഥാന കാര്യാലയം, വികാസ് ഭവൻ. പി. ഒ., തിരുവനന്തപുരം – 33" എന്ന വിലാസത്തിൽ അയക്കേണ്ടതാണ്. മൂന്ന് കവറുറലും ചേർത്ത് ഒറ്റ ബണ്ടിലാക്കി അയക്കുക.

എല്ലാവരുടേയും സഹായ സഹകരണങ്ങൾ പ്രതീക്ഷിച്ചുകൊണ്ട്.

വിശ്വസ്തതയോടെ,

**സംസ്ഥാന ഓർഗനൈസിംഗ് കമ്മീഷണർ (എസ്)** **സംസ്ഥാന ഓർഗനൈസിംഗ് കമ്മീഷണർ (ജി)**

Forwarded by

**സംസ്ഥാന സെക്രട്ടറി**

OFFICE OF THE KERALA STATE BHARAT SCOUTS AND GUIDES
STATE HEAD QUARTERS
THIRUVANANTHAPURAM-695033